# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 13/ 10/ 2019

## അമ്മയെ കൊലപ്പെടുത്തി വീട്ടുവളപ്പിൽ കുഴിച്ച് മൂടിയ മകൻ അറസ്റ്റിൽ

കൊല്ലം : സ്വത്ത് തർക്കത്തിനിടെ മകൻ അമ്മയെ തലക്കടിച്ച് കൊലപ്പെടുത്തിയ ശേഷം വീട്ടുവളപ്പിൽ കുഴിച്ച് മൂടി. കൊല്ലം ചെമ്മാംമുക്ക് പട്ടത്താനം നീതിനഗർ-68 പ്ലാമൂട്ടിൽ കിഴക്കതിൽ പരേതനായ സുന്ദരേശന്റെ മകൻ സുനിൽ കുമാർ (50) ആണ് അമ്മ സാവിത്രിയെ (78) തലക്കടിച്ച് കൊലപ്പെടുത്തിയ ശേഷം ആട്ടോ ഡ്രൈവറായ സുഹൃത്തിന്റെ സഹായത്തോടെ വീട്ടുവളപ്പിൽ കുഴിച്ച് മൂടിയത്. ഹോളോ ബ്രിക്സ് കമ്പിനി തൊഴിലാളിയെ കെലപ്പെടുത്തിയ കേസ്സിൽ ജാമ്യത്തിൽ കഴിയുകയാണ് പ്രതിയായ സുനിൽ കുമാർ.



**സുനിൽ കുമാർ (50)**

കൊല്ലം അപ്സര ജംഗ്ഷനിലുള്ള മൂന്ന് സെന്റ് സ്ഥലം തന്റെ പേർക്ക് എഴുതി നൽകണമെന്ന് പറഞ്ഞ് വളക്കിട്ടു, സ്ഥലം തന്റെ പേർക്ക് എഴുതി നൽകിയില്ലങ്കിൽ പകരം രണ്ട് ലക്ഷം രൂപാ വേണമെന്നായി, ഇതിന് അമ്മ വഴങ്ങാഞ്ഞതിനാലാണ് കഴിഞ്ഞ മാസം സെപ്റ്റംബർ 03-ാം തീയതി നാലുമണിയോടെ അമ്മയുടെ തലക്കടിച്ചു, അടി കൊണ്ട് നിലത്തുവീണ അമ്മയെ വീട്ടിൽ പൂട്ടിയിട്ട ശേഷം പുറത്തുപോയ സുനിൽ കുമാർ രാത്രി 10 മണിയോടെ തിരികെ വീട്ടിലെത്തിയപ്പോൾ ബോധരഹിതയായി നിലത്തു കിടക്കുന്ന അമ്മയെ കണ്ടു, മരിച്ചു എന്ന് ഉറപ്പു വരുത്തിയ ശേഷം ആട്ടോ ഡ്രൈവറായ സുഹൃത്തിനെ വിളിച്ചു വരുത്തി വീടിന്റെ പിൻവശം തുണി കഴുകുന്ന കല്ലിന് സമീപം കുഴിച്ച് മൂടുകയായിരുന്നു.

കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ 05.09.2019 മുതൽ അമ്മയെ കാണാനില്ല എന്ന് മകളുടെ പരാതിയുടെ അടിസ്ഥാനത്തിൽ മിസ്സിംഗ് കേസ്സ് രജിസ്റ്റർ ചെയ്യുകയും കേസ്സ് അന്വക്ഷിച്ച് വരികയുമായിരുന്നു. എന്നാൽ ജില്ലാ പോലീസ് മേധാവി ശ്രീ. പി.കെ മധു ഐ.പി.എസ് അവർകളുടെ നേതൃത്വത്തിൽ ആന്റി ക്രൈം സ്കോഡ് എസ്.ഐ ജയകുമാറും ടീമങ്ങളായ ബൈജു പി ജറോം, സജു, സീനു, മനു, റിബു, ശ്രീജു എന്നിവർ വീടും പരിസരവും പരിശോധിക്കുകയും, വിശദമായ അന്വേക്ഷണത്തിൽ കൊല്ലം ഏ.സി.പി ശ്രീ. പ്രദീപ് കുമാർ, ഈസ്റ്റ് സി.ഐ രാജേഷ്, കോസ്റ്റൽ സി.ഐ മഞ്ജു



ലാൽ എസ്.ഐ ബിജു, മനോജ് എന്നിവരുടെ നേതൃത്വത്തിൽ പ്രതിയെ പിടിക്കുകയും, ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ തെളിവെടുപ്പ് നടത്തുകയും പ്രതിയായ സുനിൽ കുമാർ കുറ്റം സമ്മതിക്കുകയും പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുകയും ചെയ്തു.